# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 132          09/06/2014-ൽ മറുപടിയ്ക്ക്

## <u>തീരദേശ റോഡുകളുടെ നവീകരണം</u>

| <u>ചോദ്യം</u><br>ശ്രീ. പി. റ്റി. എ. റഹീം: | <u>മറുപടി</u><br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) തീരദേശ റോഡുകളുടെ നവീകരണത്തിന് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര തുകയുടെ പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം 991 റോഡു പ്രവൃത്തികൾക്കായി 291.63 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) തീരദേശ റോഡ് പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ബി) മാനദണ്ഡമനുസരിച്ച് തീരദേശത്തെ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികളിലെയും, കോർപ്പറേഷനുകളിലെയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ എന്നിവയിലേതെങ്കിലും കൂടി കടന്നു പേകുന്ന റോഡുകളേയും കായൽ/റിസർവോയർ, തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലേയ്ക്കുള്ള റോഡുകളേയും ഉൾപ്പെടുത്താവുന്നതാണ്. |
| (സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ താഴെപറയുന്ന രണ്ടു റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ തുരുത്തിമ്മൽതാഴം - പയ്യടി മീത്തൽ - കണ്ണൻ ചിന്നൻ കടവ് റോഡ് - 18.50 ലക്ഷം<br>2. അരീക്കൽ താഴം - പെരിയ റോഡ് 14.50 ലക്ഷം. |
| (ഡി) മത്സ്യബന്ധന തുറമുഖ വകുപ്പിലെ 9464/സി2/2013/എഫ്&പി നമ്പർ ഫയലിൽ തെങ്ങിലക്കടവ് ആയംകുളം റോഡിന് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) അന്തിമതീരുമാനം ആയിട്ടില്ല. |

സെക്ഷൻ ആഫീസർ